# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1515

03.12.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ<br>,, കെ. ദാസൻ<br>,, എം. മുകേഷ്<br>,, കെ.കുഞ്ഞിരാമൻ | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി സീ റെസ്ക്യൂ സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) സീ റെസ്ക്യൂ സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തിര സന്ദർഭങ്ങളിൽ കടൽരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യ ഗ്രാമങ്ങളിൽ കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ഓരോ ഗ്രാമത്തിലും ലഭ്യമായ 5 യാനങ്ങളും ഒരു യാനത്തിൽ 5 മത്സ്യത്തൊഴിലാളികൾ വീതം ആകെ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു സുരക്ഷാ സ്ക്വാഡ്. ഇതിന്റെ അടിസ്ഥാനത്തിൽ 9 മറൈൻ ജില്ലകളിലെ 60 മത്സ്യഗ്രാമങ്ങളിലും അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് തയ്യാറാക്കി അവരുടെ നീന്തൽ പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ വിജയിക്കുന്നവരെ ഗോവയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ എത്തിച്ച് കടൽരക്ഷാ പ്രവർത്തനങ്ങളിൽ 20 ദിവസം നീണ്ടുനിൽക്കുന്ന വിദഗ്ധ പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. കടൽരക്ഷാ പ്രവർത്തനത്തിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും, പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നതിലുമാണ് പ്രധാനമായും പരിശീലനം നൽകുന്നത്. ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ ഉപയോഗപ്പെടുത്തുന്നതിനാണ് കടൽസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളത്. അങ്ങനെ ഉപയോഗപ്പെടുത്തുമ്പോൾ അവരുടെ സേവനത്തിന് സർക്കാർ നിശ്ചയിക്കുന്ന വേതനം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കുന്ന യാനങ്ങൾക്ക് അത്യാവശ്യം വേണ്ട കമ്മ്യൂണിക്കേഷൻ, സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതാണ്. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഗുണഭോക്തൃ വിഹിതമായി കുറഞ്ഞ നിരക്ക് ഈടാക്കിക്കൊണ്ട് പരാമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ നൽകുന്ന പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. |
| (സി) | വള്ളങ്ങളിലും ബോട്ടുകളിലും കപ്പലിടിച്ച് തൊഴിലാളികൾക്ക് അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ, മത്സ്യബന്ധന യാനങ്ങളിൽ റഡാർ റിഫ്ലക്റ്ററുകൾ ഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | റഡാർ റിഫ്ളക്റ്ററുകൾ ഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ മെക്കനൈസ്ഡ് ബോട്ടുകളിൽ AIS നിർബന്ധമാക്കിയിട്ടുണ്ട്. |
| (ഡി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിലേയ്ക്ക് പോകുന്ന മത്സ്യത്തൊഴിലാളികളെയും മത്സ്യബന്ധന യാനങ്ങളെയും കുറിച്ചുള്ള കൃത്യമായ വിവരം ശേഖരിക്കുന്നതിനായി സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ടോ; | (ഡി) | 'സാഗര' മൊബൈൽ ആപ്ലിക്കേഷൻ NIC – യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ആയത് ഇപ്പോൾ മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇതിന്റെ പ്രവർത്തന രീതി സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | 'സാഗര' മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തനത്തെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും മത്സ്യത്തൊഴിലാളികളിൽ അവബോധം ഉണ്ടാക്കുന്നതിനായി ജില്ലാ തലത്തിൽ അവയർനെസ്സ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 9 മറൈൻ ജില്ലകളിലായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവർ മത്സ്യബന്ധന തുറമുഖങ്ങളിലും ലാന്റിംഗ് സെന്ററുകളിലും കേന്ദ്രീകരിച്ച് കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ സാഗര ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുകയും, സാഗര മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തന രീതികളെ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവത്ക്കരണം നടത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ